# ഒക്ടോ. 13, ഏലിയാ-സ്ലീവാ: 8

## നിയ 11:1–12; മത്താ. 20:1–16

## ഭാഷ്യം

## നിയ 11:1–2

### I. സന്ദർഭം

യാഹ്‌വെയുമായുള്ള ഉടമ്പടിയിൽ വിശ്വസ്തതയ്ക്ക് പരമമായ പ്രധാന്യമാണുള്ളത്. മോശ ഇസ്രായേൽ ജനത്തെ ഇക്കാര്യം വീണ്ടും ഓർമ്മപ്പെടുത്തുന്നതാണ് ഇന്നത്തെ വായനയുടെ പശ്ചാത്തലം.

### II. പ്രമേയം

1. ദൈവത്തോടുള്ള ബന്ധത്തിൽ 'ഓർമ്മിക്കലിന്' പ്രത്യേകമായ പ്രാധാന്യമുണ്ട്. ഈജിപ്തിൽ അടിമകളായിരുന്നപ്പോൾ തങ്ങൾ സഹിച്ച കഷ്ടപ്പാടുകളെക്കുറിച്ച് പിന്നീട് ഇസ്രായേൽക്കാർ ഓർക്കണം. ഈജിപ്തിൽ നിന്ന് തങ്ങളെ പുറത്തു കൊണ്ടുവന്നപ്പോൾ ദൈവം ചെയ്ത അത്ഭുതകരങ്ങളായ പ്രവൃത്തി കളും അവർ ഓർക്കണം (വാ. 3–6).

2. അനുസരണയാണ് ദൈവാനുഗ്രഹം നേടുന്നതിനുള്ള മാർഗ്ഗം (വാ. 8). കൈവന്ന അനുഗ്രഹം നഷ്ടപ്പെടുത്തിക്കളയുന്നതാണ് അനുസരണക്കേട് (വാ. 9).

### III. സന്ദേശം

1. ഇസ്രായേൽ ജനതയുടെ മതജീവിതവുമായി ബന്ധപ്പെട്ട മൂന്ന് തിരുനാളുകളായിരുന്നു പെസഹാത്തിരുന്നാളും, കൂടാരത്തിരുന്നാളും, പന്തക്കുസ്താത്തിരുന്നാളും, പുറപ്പാടു സംഭവത്തെക്കുറിച്ച് പ്രത്യേകമായി ഓർക്കുന്ന അവസരമായിരുന്നു പെസഹാത്തിരുന്നാൾ. ഈ തിരുനാളിനോട് അനുബന്ധിച്ച് അനുഷ്ഠിച്ചുപോന്ന ആചാരങ്ങൾ. ആദ്യത്തെ പുറപ്പാടിനെ ഓർമ്മപ്പെടുത്തുകയും അതുവഴിയായി ദൈവം തങ്ങൾക്കു ചെയ്ത വലിയ കാര്യങ്ങളെ പ്രതി അവിടുത്തോട് നന്ദിയുള്ളവരായിരിക്കാൻ അവർക്കു പ്രചോദനം നല്കുകയും ചെയ്തു.

2. കൂടാരത്തിരുനാളിന് അവർ പുറത്ത് കൂടാരങ്ങളിൽ താമസിക്കേണ്ടിയിരുന്നു. മരുഭൂമിയിലൂടെയുള്ള അലഞ്ഞു തിരിയൽ കാലത്ത് തങ്ങൾക്ക് സ്ഥിരമായ വാസസ്ഥലം ഉണ്ടായിരുന്നില്ലെന്നും അത്ഭുതകരമായി ദൈവം തങ്ങളെ തീറ്റിപ്പോറ്റുകയായിരുന്നു (മന്നായും കാടപക്ഷികളും നല്കിക്കൊണ്ട്) എന്നും ജനത്തെ ഓർമ്മപ്പെടുത്താനായിരുന്നു ഈ ആചാരങ്ങൾ. പന്തക്കുസ്താ തിരുനാൾ, യഥാർത്ഥത്തിൽ വിളവെടുപ്പിന്റെ പരിസമാ പ്തി കുറിക്കുന്ന

അവസരമായിരുന്നു. ബാർലിയുടെയും ഗോതമ്പിന്റെയും ഒലിവിന്റെയും മുന്തിരിയുടെയും വിളവെടുപ്പ് പൂർത്തിയായിക്കഴിയുമ്പോൾ വയലുകളിൽ സമൃദ്ധി നൽകിയ ദൈവത്തെ ഓർക്കാനുള്ള അവസരമായി ഈ തിരുനാൾ അവർ ആചരിച്ചുപോന്നു. ആഴ്ചതോറും അവർ അനുഷ്ഠിച്ചു പോന്ന സാബത്ത് ദൈവത്തിന്റെ സൃഷ്ടികർമ്മത്തെക്കുറിച്ചും മനുഷ്യർക്ക് അവിടുന്നു നല്കിയിരിക്കുന്ന ഉത്തരവാദിത്വത്തെക്കുറിച്ചും ഓർമ്മപ്പെടുത്തിയി രുന്നു.

3. ദൈവം ചെയ്ത കാര്യങ്ങൾ ഓർക്കുന്നത് അവിടുത്തോട് നന്ദി പ്രകാശിപ്പിക്കാനും, അവിടുത്തെ സതുതിക്കാനും അവിടുത്തെ പരിപാലനയിൽ ശരണം വച്ച് മുമ്പോട്ട് പോകാനും മനുഷ്യനെ സഹായിക്കുന്നു. പുതിയ ഉടമ്പടിയിൽ വി. കുർബാനയും, യഥാർത്ഥത്തിൽ ഒരു ഓർമ്മയാചരണം തന്നെയാണ്. “എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായ് നിങ്ങൾ ഇതു ചെയ്യുവിൻ” (1കോറി 11:23-25). കർത്താവു ചെയ്ത കാര്യങ്ങൾ ഓർക്കുന്നത് അവിടുത്തോട് ആരാധനയും നന്ദിയും വിശ്വസ്തതയും പ്രകടിപ്പിക്കാനുള്ള അവസരമാണ്.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ. 20:1-16

## I. സന്ദർഭം

മത്തായി 18 മുതൽ 20 വരെ അധ്യായങ്ങൾ - ‘സ്വർഗരാജ്യത്തിലെ വലിയവൻ ആരെന്ന’ അന്വേഷണമാണ്. ആരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക, അതിനാവശ്യം എന്താണ് എന്നീ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നു. രക്ഷപ്പെടാൻ ആർക്ക് സാധിക്കും’ (19:24), “ഞങ്ങൾ എല്ലാം ഉപേക്ഷിച്ചു നിന്നെ അനുഗമിച്ചിരിക്കുന്നു, ഞങ്ങൾക്ക് എന്താണ് ലഭിക്കുക” (19:27)- ഇതാണ് അന്വേഷണ വിഷയം. 19:30 ഉം 20:16 ഉം ചേർന്ന് 20:1-15നെ പ്രത്യേക ശ്രദ്ധാകേന്ദ്രമാക്കുന്നു.

## II. പ്രമേയം

1. “മുമ്പന്മാർ - പിമ്പന്മാർ” (19:30;20:16)“എന്ന പ്രതിപാദ്യമാണ് ചർച്ചാവിഷയം. നാം രക്ഷിക്കപ്പെടുന്നത് ദൈവത്തിന്റെ നന്മയും, കരുണയും മൂലമാണ്; അല്ലാതെ സ്വന്തം പ്രവർത്തികളുടെ മേന്മയിലൂടെയല്ല.

## III. സന്ദേശം

1. ഓരോ വ്യക്തിയേയും അന്വേഷിച്ചിറങ്ങുന്ന വീട്ടുടമസ്ഥൻ; അവരുടെ സാഹചര്യങ്ങളും, ആവശ്യങ്ങളും അറിഞ്ഞ് ‘ന്യായമായത്’ നിർവ്വഹിക്കാൻ ശ്രദ്ധിക്കുന്ന വീട്ടുടമസ്ഥൻ- ദൈവപിതാവിന്റെ ഈ ചിത്രം വഴിയറിയാതെ അലസരും, നിസ്സംഗരുമാകുന്നവർക്ക് ജീവിതത്തിലേക്ക് തിരിച്ചെത്താനുള്ള പ്രത്യാശ നൽകുന്ന ചിന്തയാണ്. ദൈവം എപ്പോഴും നിന്നെ അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

2. ആദ്യം വന്നവരുടെ പരാതി ശ്രദ്ധിക്കണം- ദിവസത്തിന്റെ ഭാരവും ചൂടും സഹിച്ച ഞങ്ങൾ (20:12) എന്നാണ് അവർ തങ്ങളെപ്പറ്റി പറയുന്നത്. അവരുടെ മനസ്സിന്റെ ശ്രദ്ധ അവർ സഹിച്ച ക്ലേശങ്ങളിലാണ്. അവരുടെ അധ്വാനം അവർ ആസ്വദിച്ചില്ല എന്നുസാരം. മുന്തിരിത്തോട്ടത്തിലെ ജോലി ആസ്വദിക്കുക എന്നതാണ് പ്രധാനം. ആസ്വദിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അവർ പരാതിപ്പെടുമായിരുന്നില്ല. നിന്നെ തമ്പുരാൻ വിളിച്ചിരിക്കുകയാണെന്നും, കൃത്യമായ ജോലി നിന്നെ ഏൽപ്പിച്ചിരിക്കുകയാണെന്നും തിരിച്ചറിയുക. ഏൽപ്പിച്ചിരിക്കുന്ന ജോലി നീ ആസ്വദിച്ച് ചെയ്യുക. നിന്റെ ജീവിതം സന്തോഷപ്രദമായി മാറും.

3. സഹജർക്ക് കിട്ടിയ ഒരു ദനാറയാണ് ആദ്യം വന്നവരെ അസ്വസ്ഥരാക്കിയത് (20:12) അപരർക്ക് കിട്ടിയ നന്മ അവരുടെ മനസ്സമാധാനം കളയുന്നു. മറ്റുള്ളവർക്ക് കിട്ടുന്ന നന്മകൾ നിന്നെ അസ്വസ്ഥനാക്കുന്നുണ്ടോ? എങ്കിൽ നീ നിന്റെ മനോഭാവത്തെ വിലയിരുത്തുകയും തിരുത്തുകയും ചെയ്യണം. മറ്റുള്ളവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളിൽ സന്തോഷിക്കാൻ നിനക്കാകണം. അതിന് ദൈവത്തിന് നന്ദി പറയാനും. അപ്പോഴാണ് നീ ദൈവപുത്രൻ/ദൈവപുത്രിയായി മാറുന്നത്.

**ഡോ. മാത്യു കഴുതാടിയിൽ**

# പ്രസംഗം: ഉദാരതയും അസൂയയും

മലയാള സിനിമയിൽ സത്യനും നസീറും തുല്യപ്രാധാന്യമുള്ള താരരാജാക്കന്മാരായിരുന്ന ഒരു കാലത്ത് അവർ ഒന്നിച്ചഭിനയിക്കുന്ന ഒരു സിനിമയിൽ നസീറിന് സത്യനേക്കാൾ കൂടുതൽ പ്രതിഫലം ലഭിച്ചത്രെ. ഇതേപ്പറ്റി ചോദിച്ചപ്പോൾ സത്യൻ ഈ ഉപമ ഉദ്ധരിച്ചു. എന്നിട്ടു പറഞ്ഞു, എനിക്കു വാഗ്ദാനം ചെയ്തിരുന്ന പ്രതിഫലം കിട്ടി. ഞാൻ തൃപ്തനാണ്. ഉപമയിലെ ജോലിക്കാരെപ്പോലെ അവസാനം കൂലി ലഭിച്ചപ്പോൾ കെറുവിക്കാനും അസൂയപ്പെടാനും ഇടയാകാതെ തൃപ്തനായിരിക്കാൻ ഉപമയുടെ സന്ദേശം ഉൾക്കൊണ്ടതുകൊണ്ടാകണം സത്യന് കഴിഞ്ഞത്.

ഉമപയുടെ മർമ്മം അല്ലെങ്കിൽ ഉപമയാകുന്ന ചെപ്പ് തുറക്കാനുള്ള താക്കോൽ 15-ാം വാക്യത്തിലുണ്ട്. ഞാൻ ഉദാരമതിയായതിനാൽ (generous) നീ എന്തിന് അസൂയപ്പെടുന്നു (Jealous)? ദൈവത്തിന്റെ ഉദാരതയും മനുഷ്യന്റെ അസൂയയും. മൂലപാപങ്ങളിലൊന്നായ അസൂയയ്ക്കു മരുന്നില്ലെന്നു ചൊല്ലുണ്ടെങ്കിലും സുവിശേഷം പറയുന്നു, മരുന്നുണ്ട്; അത് ദൈവത്തിന്റെ ഉദാരതയെപ്പറ്റിയുള്ള തികഞ്ഞ അവബോധവും അങ്ങനെയാകാനുള്ള മനുഷ്യന്റെ ബോധപൂർവ്വകമായ സന്നദ്ധതയും ശ്രമവുമാണ്.

ദൈവം എല്ലാവരോടും വലിയ ഉദാരമതിയാണെന്നുള്ളതാണ് വേദഗ്രന്ഥം ആവർത്തിച്ചു വെളിപ്പെടുത്തുന്ന ഒരു പ്രധാന സത്യം. ഉപമയിൽ രണ്ടുകൂട്ടം

ജോലിക്കാരുണ്ട്: ആദ്യം വന്നവരും അവസാനം വന്നവരും. ആദ്യം വന്നവർക്ക് തൊഴിലില്ലാതെ നിൽക്കുമ്പോൾ തൊഴിൽ നൽകി. ന്യായമായ വേതനവും നൽകി. അതാണ് അവരോട് കാണിച്ച ഉദാരത. അവസാനം വന്നവർക്ക് അവൻ ചെയ്ത ജോലിയിലും കവിഞ്ഞ വേതനം ഉദാരമായി നൽകി. കണ്ടവർക്കും വേണ്ടവർക്കും എല്ലാം അവൻ തൊഴിൽ നൽകി. രാവിലെ മുതൽ വൈകിട്ടു വരെ അവൻ റിക്രൂട്ടിങ് തുടർന്നു. വൈകിവന്നവരെയും ഒഴിവാക്കിയില്ല. ഇതെല്ലാം അവന്റെ ഉദാരതയുടെ ഉദാഹരണങ്ങൾ.

കടലിൽ കഴിയുന്ന വിവിധതരം മത്സ്യങ്ങളുടെ ഉദാഹരണമെടുക്കാം. ചെറുതും വലുതുമുണ്ട്. കടൽ ജലം ദൈവത്തിന്റെ ഉദാരതയുടെ പ്രതീകമാണ്. ഓരോ മത്സ്യത്തിനും, അതെത്ര ചെറുതായാലും വലുതായാലും ആവശ്യം പോലെ ജലം ലഭ്യമാണ്. തനിക്കാവശ്യത്തിന് ജലം കിട്ടുമ്പോൾ ചെറിയ മത്സ്യം, വലിയ മത്സ്യം തന്നേക്കാൾ കൂടുതൽ ജലം ഉപയോഗിക്കുന്നു എന്നു വിചാരിച്ച് അസൂയപ്പെടേണ്ടതുണ്ടോ? ഇതാണ് ഉപമയിലെ ആദ്യം വന്ന ജോലിക്കാരുടെ വികലമായ മനോഭാവം. അവർ തങ്ങൾക്കു ലഭിച്ച ജോലിയെയും മാന്യമായ കൂലിയെയുംപ്രതി യജമാനനോട് നന്ദി പറഞ്ഞു പോകേണ്ടവരായിരുന്നു- കാഴ്ചപ്പാടു ശരിയായിരുന്നെങ്കിൽ.

അവരുടെ വികലമായ വീക്ഷണത്തെയാണ് (അസൂയ) യജമാനൻ തിരുത്താൻ ശ്രമിക്കുന്നത്. ജോലിക്കാരുടെ മഞ്ഞുകട്ടപോലെയുള്ള ഈ ദുർവികാരത്തെ യജമാനൻ തന്റെ ഹൃദയവിശാലതയെന്ന വെയിൽച്ചൂടിനാൽ ഉരുക്കിക്കളയാൻ ശ്രമിക്കുന്നു. ഞാൻ ഉദാരമതിയായതിനാൽ നിങ്ങൾ അസൂയപ്പെടുന്നതെന്ത്? ദൈവത്തിന്റെ ഉദാരതയുള്ള തണലിൽ കഴിയുമ്പോൾ എന്തിനു വെറുതെ അസൂയയുടെ ഉഷ്ണമനുഭവിക്കണം?

ആവശ്യങ്ങൾ നിറവേറ്റുന്നതിനപ്പുറം ആർത്തിയിലേക്ക് നീങ്ങുമ്പോഴും മനുഷ്യൻ അതൃപ്തനും അസൂയാലുവുമാകാറുണ്ട്. ഗാന്ധിജി പറഞ്ഞതു പോലെ, “There is enough for everbody’s need; but not enough for everybody’s greed." തൊഴിലും ന്യായമായ വേതനവും ലഭിച്ചപ്പോൾ അവർ തൃപ്തരാകേണ്ട തായിരുന്നു- ആവശ്യക്കാരായിരുന്നെങ്കിൽ. പക്ഷേ ആർത്തിക്കാരായിരുന്നതു കൊണ്ടാണ് ആവശ്യം നിറവേറിയിട്ടും അവർ അതൃപ്തരും അസൂയക്കാരു മായിട്ടവശേഷിക്കുന്നത്.

വിശ്വാസമാകട്ടെ ദൈവകാരുണ്യമാകട്ടെ അവ ദാനമാണെന്നും ഞാൻ അർഹനല്ലെന്നും അറിഞ്ഞുകൊണ്ട് ആസ്വദിക്കാനും ജീവിക്കാനും തുടങ്ങുമ്പോൾ പിന്നെ നന്ദിയാണ് ഹൃദയത്തിൽ സ്ഫുരിക്കുക. നാലാളുകൂടി ഈ സൗഭാഗ്യത്തിൽ പങ്കുകാരാകട്ടെ എന്ന പ്രാർത്ഥനയും. ഈ ദൈവിക ഉദാരതയുടെ അനുഭവത്തിൽ കുതിർന്നു നിൽക്കുമ്പോൾ അസൂയയും അതൃപ്തിയും എല്ലാം പടിക്കുപുറത്ത്.

**ഫാ. ജെ. ആക്കനത്ത് എം.സി.ബി.എസ്**